# G20 Foreign Ministers’ Extraordinary Meeting (Virtual) on Strengthening International Cooperation Across Borders

September 03, 2020

---

## അതിർത്തികൾക്കിടയിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായി G20 വിദേശകാര്യ മന്ത്രിമാരുടെ അസാധാരണമായ യോഗം (വിർച്ചൽ)

സെപ്റ്റംബർ 03, 2020

2020 സെപ്റ്റംബർ 3 ന്, നിലവിലെ G20 അധ്യക്ഷ സ്ഥാനത്തുള്ള സൗദി അറേബ്യയുടെ നേതൃത്വത്തിൽ G20 വിദേശകാര്യമന്ത്രിമാരുടെ അസാധാരണമായ യോഗം വിളിച്ചു ചേർത്തു. സൗദി അറേബ്യയുടെ സാമ്പത്തിക കാര്യമന്ത്രിയായ പ്രിൻസ് ഫൈസൽ ബിൻ ഫർഹാൻ അൽ-സൗദ് യോഗത്തിൽ അധ്യക്ഷ വഹിച്ചു. വിദേശകാര്യമന്ത്രി ഡോ:എസ് ജയശങ്കർ ഇന്ത്യയെ പ്രതിനിധീകരിച്ചു.

കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിലാണ് ഇങ്ങനെയൊരു വിർച്ചൽ യോഗം വിളിച്ചു ചേർത്തത്. കോവിഡ്-19 പ്രതിസന്ധിയിൽ അതിർത്തികൾക്കിടയിൽ അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തുന്നത് കേന്ദ്രീകരിച്ചാണ് ചർച്ചകൾ നടത്തിയത്. കോവിഡ് -19 പകർച്ചവ്യാധിയോടനുബന്ധിച്ചു നടത്തിയ ക്രോസ്സ് ബോർഡർ മാനേജ്മെന്റ് നടപടികളും അവയിൽ നിന്നുൾക്കൊണ്ട വിവരങ്ങളും ദേശീയ തലത്തിലുള്ള അനുഭവ ജ്ഞാനവും മന്ത്രിമാർ പങ്കു വച്ചു.

തന്റെ അഭിപ്രായ പ്രകടനത്തിനിടെ, കോവിഡ്-19 പകർച്ചവ്യാധിയോടനുബന്ധിച്ചു G20 രാജ്യങ്ങളെ ഒരുമിച്ച് കൊണ്ട് വരുന്നതിനുള്ള സൗദി അറേബ്യയുടെ ക്രിയാത്മകമായ സമീപനത്തെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

പകർച്ചവ്യാധിയുടെ തുടക്കത്തിൽ തന്നെ ഇന്ത്യ സ്വീകരിച്ച നടപടികൾ വിദേശകാര്യമന്ത്രി ചൂണ്ടികാണിച്ചു. വന്ദേ ഭാരത് മിഷനും ഇന്ത്യയിൽ കുടുങ്ങിപ്പോയ വിദേശീയരുടെയും വിദേശങ്ങളിലുള്ള ഇന്ത്യക്കാരുടെയും സൗകര്യത്തിനായി "ട്രാവൽ ബബിളുകളുടെ " നിർമാണവും ഉൾപ്പടെയുള്ള നടപടികൾ G20 വിദേശകാര്യമന്ത്രിമാർക്കു വേണ്ടി അദ്ദേഹം അറിയിച്ചു.

വിദേശീയരായ വിദ്യാർത്ഥികളുടെ തലപര്യങ്ങൾ സംരക്ഷിക്കുന്നതും കുടുങ്ങിപ്പോയ നാവികരെ തങ്ങളുടെ മാതൃരാജ്യത്തെത്തിക്കുന്നത് സൗകര്യപ്പെടുത്തുന്നതിനും ഉറപ്പുവരുത്തേണ്ടതാണെന്നു വിദേശകാര്യമന്ത്രി ആഗോള ഭരണകൂടങ്ങളോട് ആവശ്യപ്പെട്ടു.

'അതിർത്തികളിലൂടെയുള്ള ജനങ്ങളുടെ ഏകോപിതമായ സഞ്ചാരത്തിനായി G20 സിദ്ധാന്തങ്ങൾ' മൂന്നു ഘടകങ്ങളോടെ രൂപപ്പെടുത്തേണ്ടതുണ്ട് എന്ന് വിദേശകാര്യമന്ത്രി നിർദേശിച്ചു. a) പരിശോധന നടപടികളിൽ പൊതുവായ മാനദണ്ഡം നിർണയിക്കുക കൂടാതെ പരിശോധന ഫലങ്ങളുടെ ആഗോളമായ സ്വീകാര്യത ; b )'ക്വാറന്റൈൻ' നടപടികൾ പൊതുവായ മാനദണ്ഡങ്ങൾക്കനുസൃതമാക്കുക.; c) 'ഗതാഗത, ചരക്കുനീക്ക' പ്രോട്ടോകോളുകളിൽ പൊതുവായ മാനദണ്ഡം സ്വീകരിക്കുക.

**ന്യൂ ഡൽഹി**
**03 സെപ്റ്റംബർ 03, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.